
# ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിന് ഒരു വഴികാട്ടി

വായനാമുറി

●

**അശ്റഫ് പേരാമ്പ്ര**




**സർക്കാറും സർക്കാറിതര ഏജൻസികളും വിദേശ ഫണ്ടിംഗ് കേന്ദ്രങ്ങളും ഭീമമായ തുകയാണ് വിവിധങ്ങളായ അടിസ്ഥാനാവശ്യങ്ങൾക്കായി ഇത്തരം ഏജൻസികൾ വഴി ചെലവഴിക്കുന്നത്. ഫണ്ടുകൾ കണ്ടെത്താനും യുക്തിപൂർവം സാമൂഹികോദ്ധാരണത്തിന് ചെലവഴിക്കാനും ആഗ്രഹിക്കുന്നവർക്ക് അവയെക്കുറിച്ചുള്ള ശരിയായ വിവരങ്ങൾ ലഭ്യമാക്കാൻ തീർച്ചയായും ഈ ഗ്രന്ഥം സഹായകമാണ്.**

ഒരു ജനാധിപത്യ രാഷ്ട്രത്തിൽ പുരോഗതിയും വികസനവും സമൂഹത്തിലെ സകലർക്കും പ്രാപ്യമാവേണ്ടതാണ്. വർത്തമാന ഇന്ത്യനവസ്ഥയിൽ ജനസംഖ്യയിലെ രണ്ടാമത്തെ ഭൂരിപക്ഷം എല്ലാ രംഗങ്ങളിൽ നിന്നും നിഷ്ക്രമിച്ച് പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നു എന്ന യാഥാർഥ്യമാണ് സച്ചാർ സമിതി റിപ്പോർട്ട് എടുത്തു കാട്ടിയത്. ദേശീയാടിസ്ഥാനത്തിൽ പട്ടിക ജാതി-വർഗക്കാരേക്കാൾ താഴെയാണ് മുസ്‌ലിംകളുടെ സാമൂഹിക സൂചിക. സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യം, ജോലി, അവസരങ്ങൾ എന്നിവയിലെല്ലാം ഇതാണവസ്ഥ.

സ്വാതന്ത്ര്യത്തിന്റെ ആറു പതിറ്റാണ്ട് പിന്നിട്ടിട്ടും, ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ മുസ്‌ലിം സമൂഹത്തിന്റെ അവസ്ഥ ദയനീയമാണെന്നാണ് ഔദ്യോഗികവും അനൗദ്യോഗികവുമായ എല്ലാ പഠനങ്ങളുടെയും ബാക്കിപത്രം. 2001 ലെ സെൻസസ് പ്രകാരം മുസ്‌ലിംകളുടെ ദേശീയ സാക്ഷരതാ നിരക്ക് 59.1 ശതമാനം മാത്രമാണ്. മറ്റുള്ളവരുടേത്: ഹിന്ദുക്കൾ 65.1 ശതമാനം, ക്രിസ്ത്യാനികൾ 80.3 ശതമാനം, സിഖുകാർ 69.4 ശതമാനം, ബുദ്ധമതക്കാർ 72.7 ശതമാനം, ജൈനന്മാർ 94.1 ശതമാനം. ജനസംഖ്യാനുപാതികമായി ഏറ്റവും പിന്നാക്കം നിൽക്കുന്നത് മുസ്‌ലിംകളാണെന്ന് ഈ സൂചിക സാക്ഷ്യപ്പെടുത്തുന്നു. ഇനി വിദ്യാഭ്യാസ രംഗത്ത് മുസ്‌ലിംകളുടെ പങ്ക്: ഹയർസെക്കന്ററി 2 ശതമാനം, സെക്കന്ററി 4 ശതമാനം, എലിമെന്ററി 15 ശതമാനം, അക്ഷരാഭ്യാസം മാത്രമുള്ളവർ 28 ശതമാനം എന്നിങ്ങനെയാണ്. ഇത് വിദ്യാഭ്യാസത്തിന്റെ മാത്രം കാര്യമല്ല. പട്ടിണിരേഖക്കു താഴെയുള്ളവരുടെ ദേശീയ ശരാശരി 26 ശതമാനമാണെങ്കിൽ അക്കാര്യത്തിൽ മുസ്‌ലിംകൾ 40 ശതമാനത്തിനു മുകളിലാണ്. വൈറ്റ് കോളർ ജോലികൾ എന്നറിയപ്പെടുന്ന ഉയർന്ന തസ്തികകളിൽ ജനസംഖ്യയിൽ 15 ശതമാനത്തോളം വരുന്നൊരു വിഭാഗത്തിന്റെ സാന്നിധ്യം കേവലം 2 ശതമാനത്തിൽ ഒതുങ്ങുന്നു. മുസ്‌ലിം സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 50.1 ശതമാനമാണ്. പല സംസ്ഥാനങ്ങളിലും ഇത് 20-40 നുമിടയിലാണ്.

വിദ്യാഭ്യാസ പിന്നാക്കാവസ്ഥയോടൊപ്പം വർധിച്ച വിവാഹമോചനം, പോഷകാഹാരകമ്മി, ക്ഷയരോഗം, പ്രസവമരണം തുടങ്ങിയവയും സമുദായം നേരിടുന്നു.

ഇവിടെയാണ് A Guide to Uplift Minorities (ന്യൂനപക്ഷങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ ഒരു വഴികാട്ടി) എന്ന പുസ്തകത്തിന്റെ പ്രസക്തി. സാമൂഹിക സേവന രംഗത്തുള്ളവർക്ക് അവശ്യമായ വിവരങ്ങളും മാർഗനിർദേശങ്ങളും ഇത് നൽകുന്നു. രാജ്യത്തിന്റെ മുക്കുമൂലകളിൽ കഴിഞ്ഞ ആറു ദശകങ്ങളായി സാമൂഹികോന്നമനത്തിന് വലിയ സംഭാവന നൽകിക്കൊണ്ടിരിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനം, ദേശവും കാലവും ആവശ്യപ്പെടുന്ന രൂപത്തിൽ അതിന്റെ സാമൂഹിക സേവന മേഖല വ്യവസ്ഥാപിതമായി പുനഃസംഘടിപ്പിക്കാനും, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്ക് നയിക്കാൻ പണിപ്പെട്ടുകൊണ്ടിരിക്കുന്നവർക്ക് ഉപകാരപ്രദമാകുന്ന രൂപത്തിലുമാണ് ഈ കൃതി തയാറാക്കിയിരിക്കുന്നത്.

മാറിമാറിവന്ന സർക്കാറുകളൊക്കെയും മുസ്‌ലിംകളുടെ സംരക്ഷകരാണെന്ന് പറയുമ്പോഴും സമുദായം ഇപ്പോഴും തിരുനക്കര തന്നെയാണെന്ന യാഥാർഥ്യമാണ് അവസാനം സച്ചാർ സമിതിയും അരക്കിട്ടുറപ്പിക്കുന്നത്. സർക്കാറുകൾ തീരുമാനിച്ചാൽ തന്നെയും ചുവപ്പുനാടകളും പ്രതിബന്ധങ്ങളും കടന്ന് സഹായങ്ങൾ പിന്നാക്ക വിഭാഗങ്ങളുടെ കൈകളിലെത്തുമ്പോഴേക്ക് അവർക്കായി മാറ്റിവെക്കുന്ന 100-ൽ 85 രൂപയും അപ്രത്യക്ഷമായിട്ടുണ്ടാവുമെന്ന് മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി ചൂണ്ടിക്കാട്ടിയിരുന്നു. ഇവിടെയാണ് ഗവൺമെന്റിതര സന്നദ്ധ സംഘങ്ങളുടെ (Non Governmental Organisation) പ്രസക്തിയും പ്രാധാന്യവും. ഇന്ത്യയിൽ 2001-ലെ കണക്കനുസരിച്ച് ഏതാണ്ട് 50,000 റജിസ്റ്റേഡ് എൻ.ജി.ഒകളുണ്ട്. പക്ഷേ, ഇതിൽ മുസ്‌ലിം സമുദായത്തെ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നവ നാമമാത്രമാണ്. അവയുടെ പ്രവർത്തനങ്ങൾ കടലാസിലൊതുങ്ങുന്നതുമാണ്. സർക്കാറും സർക്കാറിതര ഏജൻസികളും വിദേശ ഫണ്ടിംഗ് കേന്ദ്രങ്ങളും ഭീമമായ തുകയാണ് വിവിധങ്ങളായ അടിസ്ഥാനാവശ്യങ്ങൾക്കായി ഏജൻസികൾ വഴി ചെലവഴിക്കുന്നത്. ഇത്തരം ഫണ്ടുകൾ കണ്ടെത്താനും യുക്തിപൂർവം സാമൂഹികോദ്ധാരണത്തിന് ചെലവഴിക്കാനും ആഗ്രഹിക്കുന്നവർക്ക് അവയെക്കുറിച്ചുള്ള ശരിയായ വിവരങ്ങൾ ലഭ്യമാക്കാൻ തീർച്ചയായും ഈ ഗ്രന്ഥം സഹായകമാണ്.

എൻ.ജി.ഒ, സൊസൈറ്റി, ട്രസ്റ്റ്, കമ്പനി, വഖ്ഫ്, കോ-ഓപറേറ്റീവ് സൊസൈറ്റി, വിവിധ രൂപത്തിലുള്ള അവയുടെ റജിസ്ട്രേഷൻ, നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ, മിനുട്ട്സ്, ബാങ്ക് എക്കൗണ്ട്, പദ്ധതി ആസൂത്രണം, വാർഷിക റിപ്പോർട്ടുകൾ, ഓഡിറ്റിംഗ്, ഫണ്ട് സമാഹരണം, നെറ്റ് വർക്കിംഗ് തുടങ്ങിയവയുമായി ബന്ധപ്പെട്ട കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകളുടെ നിയമ നിർദേശങ്ങളും ഇതിൽ പരിചയപ്പെടുത്തുന്നു.

മുസ്‌ലിം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, പാർസി ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട പ്രധാനമന്ത്രിയുടെ 15 ഇന പദ്ധതിയുടെ ഭാഗമായി ആരോഗ്യം, വിദ്യാഭ്യാസം, സ്വയംതൊഴിൽ, തൊഴിൽ പരിശീലനം, ഉദ്യോഗാർഥികൾക്ക് കോച്ചിംഗ്, ഭവന സഹായം, ദുരന്ത/കലാപ നിവാരണം തുടങ്ങി വിവിധ മേഖലകളിൽ ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന്റെ കീഴിലുള്ള പദ്ധതികളെയും ഫണ്ടുകളെയും കുറിച്ച വിവരങ്ങൾ, വഖ്ഫ് ബോർഡുകളിൽ നിന്ന് സമുദായത്തിന് ലഭ്യമാവുന്ന സേവനങ്ങൾ, ദേശീയ ന്യൂനപക്ഷ കമീഷനുമായി ബന്ധപ്പെട്ട് അറിഞ്ഞിരിക്കേണ്ട വസ്തുതകൾ, മൗലാനാ ആസാദ് എജുക്കേഷണൽ ഫൗണ്ടേഷന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്കീമുകളും ഗ്രാന്റുകളും, ദേശീയ ന്യൂനപക്ഷ വികസന നിധി (NMDFC)യുമായി ബന്ധപ്പെട്ട ന്യൂനപക്ഷങ്ങൾക്കുള്ള വിവിധ സാമ്പത്തിക സഹായങ്ങളുടെയും മറ്റും വിശദാംശങ്ങൾ, വിവിധയിനം ലോണുകൾ, മൈക്രോ ഫൈനാൻസിംഗ്, ദേശീയ ഉർദു പ്രചാരക സമിതിയുടെ (NCPUL) വിവിധ പദ്ധതികൾ, മാനവവിഭവശേഷി മന്ത്രാലയത്തിന്റെ കീഴിലുള്ള എല്ലാ വിഭാഗത്തിലും പെട്ട അവശർക്കുള്ള വിദ്യാഭ്യാസ - അനുബന്ധ സഹായങ്ങൾ, സാമൂഹിക ക്ഷേമ വകുപ്പിനു കീഴിൽ എസ്.സി, എസ്.ടി, ഒ.ബി.സി, വൃദ്ധർ, വികലാംഗർ എന്നിവർക്കുള്ള വിവിധ പദ്ധതികൾ, വനിതാ ശിശുക്ഷേമ വകുപ്പിനു കീഴിലുള്ള പദ്ധതികളും ഫണ്ടുകളും ഇങ്ങനെ പ്രാധാന്യമുള്ള ഒരുപാട് കാര്യങ്ങൾ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

മുസ്‌ലിംകൾക്ക് ഇത്തരം സഹായങ്ങൾ അനുവദിക്കുന്ന ജിദ്ദ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇസ്‌ലാമിക് ഡവലപ്മെന്റ് ബാങ്കി(IDB)ന്റെ ലോണുകൾ, വിവിധ സ്കോളർഷിപ്പുകൾ എന്നിവ ലഭിക്കാൻ ആവശ്യമായ മാർഗനിർദേശങ്ങളും, ലണ്ടൻ ആസ്ഥാനമായ മുസ്‌ലിം എയ്ഡിന്റെ (MUSLIM AID) പ്രവർത്തന മേഖലകളും അനുബന്ധമായി വിവിധ മേഖലകളിലെ നിരവധി അന്താരാഷ്ട്ര ഫണ്ടിംങ് ഏജൻസികളുടെയും ഐക്യരാഷ്ട്രസഭാ അനുബന്ധ ഏജൻസികളുടെയും സേവന പ്രവർത്തനങ്ങളും പരിചയപ്പെടുത്തുന്നു.

പാർശ്വവത്കരിക്കപ്പെട്ടവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ യത്നിക്കുന്ന എല്ലാ സാമൂഹിക - സന്നദ്ധ സംഘങ്ങൾക്കും പുസ്തകം ഒരു വഴികാട്ടിയാണ്.

ജമാഅത്തെ ഇസ്‌ലാമിയുടെ സോഷ്യൽ സർവീസ് വിംഗാണ് പ്രസാധകർ. കേരളത്തിൽ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐ.പി.എച്ചാണ് പുസ്തകം വിതരണം ചെയ്യുന്നത്. വില നൂറു രൂപ. ■